# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2473 | | 07.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.സി. ദിവാകരൻ | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (എ) | ശുചിത്വം-മാലിന്യ സംസ്ക്കരണ മേഖലയിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഹരിത കേരളം പദ്ധതി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ ഓരോ വീട്ടിലെയും മാലിന്യ സംസ്ക്കരണ രീതി നിലവിൽ എങ്ങനെയാണെന്ന് വിലയിരുത്തി ജൈവ കമ്പോസ്റ്റിങ്ങ്, ബയോഗ്യാസ് എന്നീ മാലിന്യ സംസ്ക്കരണ രീതിയാണ് പ്രായോഗിക മാകുകയെന്ന് നിർദ്ദേശിക്കുകയും ഇതിനായി വീട്ടുകാരെ സജ്ജരാക്കുകയും ചെയ്യാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗ്ഗരേഖയിൽ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാവുന്ന മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം ഒരു പ്രധാനവിഷയമായി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പരിമിതിയുണ്ടെന്നിരിക്കെ അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സ്കൂളുകൾ, ചന്തകൾ, അറവ്ശാലകൾ, ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കി വരുന്നു. പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സങ്കേതങ്ങളും ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ പരിഗണിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 10% തുക മാലിന്യ സംസ്കരണത്തിനാ.യി വകയിരുത്തണമെന്ന് 30.06.2016 ലെ സ.ഉ(സാധാ)നം.2037/2016/ തസ്വഭവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ